പുറംപോക്ക് ഭൂമിയിൽ കൈവശാവകാശം നല്കാൻ നടപടി

8 (1159) ശ്രീ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുറംപോക്കു ഭൂമികളിൽ താമസിക്കുന്ന പട്ടികജാതി കുടുംബങ്ങൾക്ക് കൈവശഭൂമി പതിച്ചുകൊടുക്കാൻ എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ ;

(സി) കിടപ്പാടമില്ലാതെ റോഡുപുറംപോക്കിലും തോട്പുറംപോക്കിലും കഴിയുന്ന പട്ടികജാതി കുടുംബങ്ങളിൽപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പതിച്ചു കൊടുക്കാവുന്ന പുറംപോക്കു ഭൂമികളിൽ താമസിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗവിഭാഗങ്ങൾ ഉൾപ്പെടെയുള്ളവർക്ക് കൈവശഭൂമി പതിച്ചു നല്കാൻ കേരള ഭൂമി പതിവു ചട്ടങ്ങൾപ്രകാരം നടപടികൾ നടന്നുവരികയാണ്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) സംസ്ഥാനത്ത് റോഡ് പുറംപോക്കിലും തോട് പുറംപോക്കിലും താമസിക്കുന്ന പട്ടികജാതി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് 1997-98-ൽ ആവിഷ്ക്കരിച്ച പുറംപോക്ക് നിവാസികളുടെ പുനരധിവാസ പദ്ധതി നിലവിലുണ്ട്. പട്ടയം ലഭിക്കാൻ സാദ്ധ്യതയില്ലാത്ത പുറംപോക്കുകളിൽ താമസിക്കുന്ന പട്ടികജാതി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് ഗ്രാമപ്രദേശങ്ങളിൽ 3 സെന്റ് ഭൂമി വാങ്ങുന്നതിനോ നഗരപ്രദേശങ്ങളിൽ 2 സെന്റ് ഭൂമി വാങ്ങുന്നതിനോ 15,000 രൂപയും ഭവനനിർമ്മാണത്തിന് 35,000 രൂപയും ഉൾപ്പെടെ 50,000 രൂപ ഓരോ കുടുംബത്തിനും അനുവദിക്കുന്നു. ജില്ലാ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്.

നടപ്പാത പണിയാൻ നടപടി

9 (1160) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട ജില്ലയിൽ അരുവാപ്പുലം പഞ്ചായത്തിലെ ആവണിപ്പാറ ആദിവാസി കോളനിയിലേയ്ക്ക് അച്ചൻകോവിലാറിന് കുറുകെ നടപ്പാത പണിയാൻ തീരുമാനിച്ചിരുന്നോ ;

(ബി) എങ്കിൽ എന്നാണ് ഇതിന് തീരുമാനം എടുത്തതെന്നും ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും അറിയിക്കുമോ ;

(സി) വനംവകുപ്പുമായി ഇക്കാര്യത്തിൽ എന്തെങ്കിലും കത്തിടപാടുകൾ നടത്തിയിരുന്നോ, എങ്കിൽ വിശദമാക്കാമോ ;

(ഡി) ഈ നടപ്പാലത്തിന്റെ പണി എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly